കമ്മീഷണറും തൊഴിലാളി നേതാക്കളും, തൊഴിലാളി സംഘടനാ നേതാക്കളുമായി സർക്കാർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാന പ്രകാരം ജോലി നഷ്ടപ്പെട്ട ഓരോ തൊഴിലാളിക്കും 30,000/- രൂപ വീതം ഗ്രാന്റ് നൽകി പിരിച്ചുവിടുന്നതിനു തീരുമാനിച്ചു. തൊഴിലാളിക്ഷേമനിധിയിൽ നിന്നുമുള്ള തുകയ്ക്ക് പുറമെയാണ് ടി തുക അനുവദിച്ചത്. ഈ തുക സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രയോജനപ്പെടുത്തുമെന്നാണ് അന്ന് ധാരണയായത്. ഇതിനുപുറമെ 1996-ലെ ഓണം പ്രമാണിച്ച് ഈ വിഭാഗം തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി 2000 രൂപ വീതം വിതരണം ചെയ്യുകയുണ്ടായി.

15 (*540) ആദിവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പദ്ധതികൾ

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പുമായി ബന്ധപ്പെട്ട ആദിവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുതിയതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആദിവാസികളുടെ പുനരധിവാസത്തിനായി വനംവകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

വനവും ഗതാഗതവും വകപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) ഉണ്ട്. ഓരോ സർക്കിൾ ആസ്ഥാനത്തും അതാത് വനം കൺസർവേറ്ററുടെ അദ്ധ്യക്ഷതയിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യത്തോടെ ആദിവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആദിവാസി ക്ഷേമസെൽ രൂപീകരിച്ചു പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വന്യജീവി സംരക്ഷിത മേഖലയിൽ വരുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരെ അവരുടെ പൂർണ്ണസമ്മതത്തോടെ വനാതിർത്തിയിൽ കൂടുതൽ സൗകര്യമുള്ള പ്രദേശത്തിലേക്ക് മാറ്റി പാർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

16 (*541) നോൺ ക്ലറിക്കൽ ടെക്നിക്കൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം.

ശ്രീ. പി.എസ്. സുപാൽ :
പ്രൊഫ. മീനാക്ഷി തമ്പാൻ :

LIBRARY ARCHIVES Kerala Legislative Assembly